## ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുമതി ഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

അനുമതി ഉത്തരവ് കഴിയുന്നതും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് കൈപ്പറ്റിയതിന് ശേഷം ചുവടെ പറയുന്ന രേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. ടി രേഖകളുടെ മാതൃക www.dhs.gov.kerala.in എന്ന ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ Downloads → Notification ലഭ്യമാണ്.

(1) <u>മോർട്ട്ഗേജ് ഡീഡ് (കെ.എഫ്.സി ഫോറം 32)</u>

- ബന്ധപ്പെട്ട സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നും രജിസ്റ്റർ ചെയ്ത് വാങ്ങിയതായിരിക്കണം.
- ആരോഗ്യവകുപ്പ് ഡയറക്ടറുടെ അനുമതി ഉത്തരവ് കൂടി ഇതോടൊപ്പം രജിസ്റ്റർ ചെയ്യേണ്ടതാണ്. (രജിസ്ട്രേഷൻ ആവശ്യത്തിലേക്കായി ഒറിജിനൽ പ്രമാണത്തിന്റെ ആവശ്യമില്ല)

(2) <u>ബാധ്യതാ സർട്ടിഫിക്കറ്റ്</u>

- മേൽ പ്രസ്താവിച്ച വിധത്തിൽ പ്രമാണം രജിസ്റ്റർ ചെയ്തതിനുശേഷം ഗവർണ്ണർ ഓഫ് കേരളയുടെ പേരിൽ ലഭിക്കുന്ന ബാധ്യതാ സർട്ടിഫിക്കറ്റ്.

(3) <u>എഗ്രിമെന്റ്</u>

- കെ.എഫ്.സി ഫോം 35 എ ഫോർമാറ്റിൽ തയ്യാറാക്കിയ 200 രൂപ പത്രത്തിലുള്ള എഗ്രിമെന്റ് (മുദ്രപത്രം അപേക്ഷകന്റെ പേരിൽ വാങ്ങിയതാവണം ).
- അവസാനത്തെ രണ്ട് സാക്ഷികളുടെ കോളത്തിൽ അപേക്ഷകന്റെ സ്ഥാപനത്തിലെ ഏതെങ്കിലും രണ്ട് ജീവനക്കാർ അപേക്ഷകന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(4) <u>ബിൽ</u>

- Spark മുഖേന (ഫോം 59 (സി) യിൽ) തയ്യാറാക്കിയ ബിൽ ഡ്യൂപ്ലിക്കേറ്റ് സഹിതം. ബില്ലിന്റെ മറുവശത്ത് *"Certified that the assignment of DCRG as collateral security to the HBA sanctioned to Shri/Smt................................. has been recorded in the service book of the incumbent (In page No.)"* എന്ന് സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
- ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ബിൽ കൗണ്ടർ സൈൻ ചെയ്ത് ലഭിച്ചതിനുശേഷം സ്ഥാപനമേധാവി മുഖാന്തിരം ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും അഡ്വാൻസ് കൈപ്പറ്റാവുന്നതാണ്.

## (5) ശ്രദ്ധിക്കേണ്ട മറ്റ് വസ്തുതകൾ

- ട്രഷറിയിൽ നിന്നും ബിൽ മാറുന്ന തീയതി ഉടൻതന്നെ ഫോൺ മുഖാന്തിരവും പിന്നീട് രേഖാമൂലവും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.
- അഡ്വാൻസ് കൈപ്പറ്റി ൨ വർഷത്തിനുള്ളിൽ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ വിനിയോഗ സാക്ഷ്യപത്രം ടി ജീവനക്കാർ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിലെ സ്ഥാപനമേധാവിയുടെയും അതാത് ജില്ലാ മെഡിക്കൽ ആഫീസറുടെയും മേലൊപ്പോടുകൂടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഇത് പിന്നീട് ഡയറക്ടറേറ്റിൽ നിന്നും അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുന്നതായിരിക്കും.

### കൂടുതൽ വിവരങ്ങൾക്ക്

- ഫോൺ നം. 0471-2519280 (എ.ബി സെക്ഷൻ)
- മൊബൈൽ നം. 7012558779 (എച്ച്. ബി. എ സെക്ഷൻ)

(ഒപ്പ്)

അഡീഷണൽ ഡി.എച്ച്.എസ് (എഫ്.റ്റി)